മാധ്യമം
09 June 2026

# മത്സ്യമേഖലയിൽ നോളജ് ക്ലസ്റ്റർ പരിഗണനയിലെന്ന് ഫിഷറീസ് മന്ത്രി

**കൊച്ചി:** മത്സ്യമേഖലയിലെ ഗവേഷണ ഫലങ്ങളും സാങ്കേതിക വിദ്യകളും പരസ്പരം പങ്കുവെക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളെയും ഏജൻസികളെയും കോർത്തിണക്കി 'നോളജ് ക്ലസ്റ്റർ' സർക്കാറിന്റെ പരിഗണനയിലാണെന്ന് ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച ലോക സമുദ്ര ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളെ നേരിടാൻ ഈ കൂട്ടായ്മ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. സുസ്ഥിര മത്സ്യബന്ധന മാനേജ്മെന്റിനായി സംയുക്ത ഗവേഷണങ്ങൾക്കും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്കും 'നോളജ് ക്ലസ്റ്റർ' വഴി തുറക്കും. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും ഈ ഏകോപനം നടപ്പിലാക്കുക.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐയുടെ പുതിയ പ്രസിദ്ധീകരണങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. ഡോ ശോഭ ജോ കിഴക്കൂടൻ സംസാരിച്ചു.